# ജോൺ എബ്രഹാമിന്റെ കഥകൾ

ജോൺ ജീവിതംകൊണ്ടാണ്, കലയെക്കൊണ്ടെന്നതിനെക്കാളേറെ, ആത്മാവിഷ്കരണം നടത്തിയത്. കല പ്രധാനമായും ജോണിനു ജീവിക്കാനൊരു ഊർജ്ജം മാത്രമായിരുന്നു. ജോൺ കലയുടെ പ്രാക്ടീഷണർ എന്നതിനെക്കാളേറെ, കലയുടെ പ്രോപഗാൻഡിസ്റ്റ് ആയിരുന്നു. സ്രഷ്ടാവ് എന്നതിലേറെ പ്രചാരകനായിരുന്നു: നല്ല സിനിമയുടെ സഞ്ചരിക്കുന്ന പ്രചാരകൻ. നല്ല കഥയുടെയും കവിതയുടെയും നോവലിന്റെയും സഞ്ചരിക്കുന്ന പ്രചാരകൻ.

-സക്കറിയ

മലയാള കഥാസാഹിത്യത്തിൽ ആധുനികത ഒരു പ്രസ്ഥാനമെന്ന നിലയിൽ പടർന്നു പന്തലിച്ചുനിന്ന കാലമായിരുന്നു അത്. ആധുനികരായ കഥാകൃത്തുക്കളിൽ അധികംപേരും ജോണിന്റെ സുഹൃത്തുക്കളോ ആരാധകരോ ആയിരുന്നിരിക്കണം. എന്നിട്ടും ജോണിന്റെ മിക്കവാറും കഥകൾ ആധുനികതയുടെ ഭാവുകത്വപരിസരവുമായി വിയോജിച്ചുനിൽക്കുന്നത് ശ്രദ്ധേയമാണ്. ആധുനികതയുടെ പ്രമേയപരമായ പരിമിതികളെയും ഭാഷാപരമായ സാദ്ധ്യതകളെയും ഒന്നുപോലെ തിരസ്കരിക്കുന്ന ഒരു സമീപനമാണ് ജോണിന്റെ കഥകൾ സാക്ഷ്യപ്പെടുത്തുന്നത്.

-എൻ. ശശിധരൻ

**കഥകളോടൊപ്പം മൃഗശാല, അഗ്രഹാരത്തിൽ കഴുത എന്നീ ജോൺസിനിമകളുടെ തിരക്കഥകളും.**

കവർ ഡിസൈൻ: ഡിസൈൻ ഡിഫറൻസ്

ഡി സി ബുക്സ്
www.dcbooks.com
ISBN 978-81-264-5220-0
കഥ
E-book available
₹ 225

ജോൺ എബ്രഹാമിന്റെ കഥകൾ • ജോൺ എബ്രഹാം

dcb

8M3.01 JOH/J
914



# ജോൺ എബ്രഹാമിന്റെ കഥകൾ

## ജോൺ എബ്രഹാം

8M3.01 JOH/J
CASMTVK
914

dcb

...brary TVK

...4*

8M3.01 JOH/J

CASMTVK

914

914

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 914 Call No. ........................

This book should be returned on or before the date last given below.


| | | |
|---|---|---|
| | | |

## ജോൺ എബ്രഹാം (1937–1987)

1937 ആഗസ്റ്റ് 11–ന് കുട്ടനാട് ചേന്നങ്കരി–വാഴക്കാട്ടുവീട്ടിൽ വി.ടി. എബ്രഹാമിന്റെയും കോട്ടയം അടിമത്രയിൽ സാറാമ്മയുടെയും മകനായി കുന്നംകുളത്ത് ജനനം. കോട്ടയം സി.എം.എസ്. സ്കൂൾ, കീഴില്ലം ബോർസ്റ്റൽ സ്കൂൾ, എം.ഡി. സെമിനാരി സ്കൂൾ തുടങ്ങി പതിനൊന്ന് സ്കൂളുകളിലായി വിദ്യാഭ്യാസം. തിരുവല്ല മർത്തോമ്മ കോളജിൽനിന്ന് ഇക്കണോമിക്സിൽ ബിരുദം നേടി. മൂന്നുകൊല്ലം എൽ.ഐ.സി. കോയമ്പത്തൂരിൽ ഉദ്യോഗസ്ഥനായിരുന്നു. 1965–ൽ ജോലി ഉപേക്ഷിച്ച് പൂനാ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു. 1969–ൽ സ്വർണ്ണ മെഡലോടെ ഡയറക്ഷനിൽ ഡിപ്ലോമ നേടി. 'പ്രിയ' ആണ് ആദ്യചിത്രം. കുറച്ചുകാലം മണികൗളിന്റെ അസിസ്റ്റന്റായി. 'വിദ്യാർത്ഥികളെ ഇതിലേ ഇതിലേ' (1969) ആദ്യ ഫീച്ചർ ചിത്രം. 'അഗ്രഹാരത്തിൽ കഴുതൈ' (തമിഴ്–1978), 'ചെറിയാച്ചന്റെ ക്രൂരകൃത്യങ്ങൾ' (1980), 'അമ്മ അറിയാൻ' (1986) എന്നിവയാണ് മറ്റു സിനിമകൾ. തെയ്യത്തെക്കുറിച്ച് 'കളിയാട്ടം' എന്ന ഡോക്യുമെന്ററി സംവിധാനം ചെയ്തു. 'കയ്യൂർ', സക്കറിയയുടെ 'ജോസഫ് ഒരു പുരോഹിതൻ' ടി. ആറുമായി ചേർന്ന് 'നമ്മയിൽ ഗോപാലൻ' എന്നിങ്ങനെ പൂർണ്ണവും അപൂർണ്ണവുമായ സിനിമകളുടെ പ്രവർത്തനത്തിലേർപ്പെട്ടെങ്കിലും നടക്കാതെ പോയി. ജനകീയ ചലച്ചിത്രപ്രസ്ഥാനം എന്ന നിലയിൽ ഒഡേസയുടെ പ്രധാന പ്രവർത്തകനായിരുന്നു. മലയാളത്തിലെ ശ്രദ്ധിക്കപ്പെട്ട ചെറുകഥാകൃത്തുകൂടിയായിരുന്ന ജോണിന്റെ 'നേർച്ചക്കോഴി' (പുസ്തകപ്രസാധകസംഘം, പന്തളം, 1986), 'ജോൺ എബ്രഹാമിന്റെ കഥകൾ' (പക്ഷിക്കൂട്ടം, 1993) എന്നിങ്ങനെ കഥാസമാഹാരങ്ങൾ പുറത്തിറങ്ങി. 1987 മെയ് 30–ാം തീയതി, കോഴിക്കോടുവെച്ച് പണിതീരാത്ത ഒരു കെട്ടിടത്തിൽനിന്നു വീണ് അന്തരിച്ചു.

ജോൺ എബ്രഹാം

# ജോൺ എബ്രഹാമിന്റെ കഥകൾ

ഡി സി ബുക്സ്

College Of Avian Sciences & Management
LIBRARY

Malayalam Language
John Abrahaminte Kathakal

Stories
*by* John Abraham

Rights Reserved

First Published November 2014
2nd impression August 2015

Publishers
D C Books, Kottayam 686 001
Kerala State, India
Literature News Portal: www.dcbooks.com
Online Bookstore: www. onlinestore.dcbooks.com
e-bookstore: ebooks.dcbooks.com
Customercare: customercare@dcbooks.com, 9846133336

Distributors
D C Books-Current Books

D C Books Library Cataloguing in Publication Data
John Abraham.
John Abrahaminte kathakal/John Abraham.
284p., 21cm.
ISBN 978-81-264-5220-0
1. Malayalam story. I. Title.
8M3.01* - dc 22
(*This is local variation of DDC number for Malayalam literature: John Abrahaminte kathakal.).

No part of this publication may be reproduced, or transmitted in any form or by any means, without prior written permission of the publisher.

ISBN 978-81-264-5220-0

Printed in India
at D C Press, Kottayam, INDIA.

D C Books: The First Indian Book Publishing House to get ISO Certification

₹ 225.00

389/15-16-Sl.No. 14726-dcb 5966-(2)1000-5997-08-15-Itc. 18.1-p pk-r (t)sr-d (t)bs

# പ്രസാധകക്കുറിപ്പ്

മലയാള സിനിമാചരിത്രത്തിൽ എന്നപോലെ മലയാള കഥാചരിത്രത്തിലും ജോൺ എബ്രഹാമിനു സവിശേഷമായൊരു സ്ഥാനമുണ്ട്. ഒരേ സമയം അനിശ്ചിതമായ കാലത്തിന്റെയും ജീവിതത്തിന്റെയും സങ്കീർണ്ണതകൾ മുഴുവൻ രണ്ടു മാധ്യമങ്ങളിലൂടെയും ജോൺ അടയാളപ്പെടുത്തി. മലയാളിമനസ്സിൽ സ്ഥിരപ്രതിഷ്ഠനേടിയ കലഹപ്രിയന്റെയും നാടോടിയുടെയും വിധ്വംസകനായ അരാജകവാദിയുടെയും പ്രതിച്ഛായ ഒരു മറയുമില്ലാതെ ജോൺ തന്റെ സൃഷ്ടികളിലൂടെ ആവിഷ്കരിക്കുകയായിരുന്നുവെന്ന് പറയാം. ലോകോത്തരകഥകൾക്കു കിടപിടിക്കാവുന്ന ഈ കഥകളിലൂടെ ഓരോ വായനക്കാരനും യഥാർത്ഥത്തിൽ പച്ചയായ ഒരു മനുഷ്യന്റെ ജീവിതത്തിലൂടെത്തന്നെയാണ് കടന്നുപോകുന്നതെന്നു ഞങ്ങൾ വിചാരിക്കുന്നു. ജോൺ എബ്രഹാമിന്റെ എല്ലാ കഥകളും, ഇതുവരെ പുസ്തകത്തിലുൾപ്പെടാത്ത ചില കഥകളും ഒരു അപൂർണ്ണകഥയും ഇതിൽ സമാഹരിച്ചിരിക്കുന്നു. പ്രശസ്ത എഴുത്തുകാരൻ സക്കറിയ, നിരൂപകൻ എൻ. ശശിധരൻ, കെ.എൻ. ഷാജി എന്നിവരുടെ കുറിപ്പുകളും അനുബന്ധമായി ജോൺ എബ്രഹാമിന്റെ രണ്ടു സിനിമകളുടെ തിരക്കഥകളും (*മൃഗശാല, അഗ്രഹാരത്തിൽ കഴുത*) ഉൾപ്പെടുത്തിയിട്ടുണ്ട്. 'അഗ്രഹാരത്തിൽ കഴുതൈ' എന്ന തിരക്കഥ രചിച്ച വെങ്കട് സ്വാമിനാഥനും മലയാളപരിഭാഷ നിർവ്വഹിച്ച മാ. ദക്ഷിണാമൂർത്തിക്കും തിരക്കഥ ആദ്യമായി പ്രസിദ്ധീകരിക്കാൻ മുൻകൈയെടുത്ത പ്രശസ്ത സിനിമാനിരൂപകൻ വിജയകൃഷ്ണനും പ്രത്യേകം നന്ദി. ജോണിനെ എന്നും ഓർമ്മിക്കുന്ന സഹൃദയർക്കുമുമ്പിൽ ഈ പുസ്തകം സാദരം സമർപ്പിക്കുന്നു.

**രവി ഡി സി**

## ഉള്ളടക്കം

ജോൺ വിഗ്രഹമാകുമ്പോൾ..........9
സക്കറിയ

ജോണിന്റെ കഥയും കഥകളും .......... 15
എൻ. ശശിധരൻ

തിക്തതീക്ഷ്ണമായ ജോൺ സ്മരണ ..........23
കെ.എൻ. ഷാജി

അപ്പന്റെ മരണം..........31
അമ്മയുടെ മരണം ..........33
ഒരു കഴുതയുടെ തലയോടുതേടി..........35
രാമന്റെ ഒരു ദിവസം ..........38
പ്ലാസ്റ്റിക്ക് കണ്ണുകളുള്ള അൾസേഷൻ പട്ടി..........40
കണ്ണാടി വച്ച പെണ്ണിനെയായിരുന്നു എനിക്കിഷ്ടം.......... 49
നഗരത്തിന്റെ സൂക്ഷിപ്പുകാരൻ .......... 51
പൂച്ചദുഃഖം..........56
കുറുക്കൻ കറങ്ങിയ പാറ..........59
ചെറിയാച്ചന്റെ വരൾച്ചയിലെ കൃത്യങ്ങൾ..........61
പച്ചക്കുതിര..........69
സുധയുടെ മരണം ..........71
ഒരു ക്രിസ്ത്യാനിയുടെ അനുശോചനം .......... 79
മരപ്പട്ടിമാത്തച്ചൻ ..........82
ഉള്ളി..........90

ആമയുടെ ആത്മഹത്യ ....................................................................92
കോട്ടയത്ത് എത്ര മത്തായി ഉണ്ട്? ..............................................93
നേർച്ചക്കോഴി ..........................................................................103
സ്കോളറായ വർക്കി................................................................... 120
സ്വാതന്ത്ര്യം എന്ന മരണം ..........................................................124
മല്ലയ്യ.........................................................................................128
ഒരു കാത്തിരിപ്പ്.......................................................................... 140
ആട്ടിൻകുട്ടിയും ചെന്നായും.........................................................143
പിസ്സാറോ യാത്ര..........................................................................145
സരോജ പോയി ......................................................................... 148

*അനുബന്ധം / തിരക്കഥകൾ*

മൃഗശാല.................................................................................... 151
അഗ്രഹാരത്തിൽ കഴുത..............................................................191
ജോൺ എബ്രഹാം എഴുതിയ കഥാസാരാംശം ................ 279

## ജോൺ വിഗ്രഹമാകുമ്പോൾ

**സക്കറിയ**

കേരളത്തിൽ പൊതുവേ മഹാന്മാരെ നാം പ്രദർശിപ്പിക്കുക ഒടിവോ ചുളിവോ അരിമ്പാറയോ പുഴുപ്പല്ലോ വായനാറ്റമോ ഇല്ലാത്തവരായിട്ടാണ്.

മരിക്കുന്നതോടെ അവർ പ്രതിമകളായി മാറുന്നു. പ്രതിമകൾക്കു മേല്പറഞ്ഞ പ്രശ്നങ്ങളൊന്നുമില്ലല്ലോ. വഴിവക്കിൽ ഘനഗംഭീരമായി നിന്നാൽമാത്രം മതി.

മഹാന്മാർ മരണശേഷം പ്രതിമയാകുന്നതുകൊണ്ട്, പ്രതിമയാകുന്നവനും അതു സ്ഥാപിക്കുന്നവർക്കും പ്രത്യേക ദോഷമൊന്നുമില്ല; പ്രയോജനവുമില്ല. എന്തെങ്കിലും പ്രയോജനമുണ്ടെങ്കിൽ അത് പക്ഷികൾക്കാണ്. അവർക്ക് ഇരുന്ന് കാഷ്ഠിക്കാനൊരിടമായി ജീവിച്ചിരിക്കുന്ന പ്രതിമകളെ ഉണ്ടാക്കിവയ്ക്കുമ്പോൾ, ജീവിച്ചിരിക്കുന്ന വ്യക്തികളെ വിഗ്രഹങ്ങളാക്കി മാറ്റുമ്പോൾ, അതിനു നിന്നുകൊടുക്കുന്നവർക്കും അത് ചെയ്യുന്നവർക്കും അപകടങ്ങളുണ്ട്.

ആരാധനയ്ക്കു വശംവദരായി നിന്നുകൊടുക്കുന്നവർക്ക് കുറെനാൾ കഴിയുമ്പോൾ, തങ്ങൾ ആരാധകർ പറയുന്നതെല്ലാമാണെന്നു വിശ്വസിക്കാൻ ഒരു കമ്പം തോന്നും. താൻ മാന്യനും മഹാനും പ്രതിഭയുടെ കൊടുമുടിയുമാണെന്ന് മറ്റുള്ളവർ പറയുന്നെങ്കിൽ അതൊരുപക്ഷേ, ശരിയല്ലേ എന്നയാൾക്കു തോന്നാൻ തുടങ്ങും. അങ്ങനെ അയാൾ അതിനനുസരിച്ച് നാട്യങ്ങൾ നടിക്കാൻ തുടങ്ങും. പ്രതിമയ്ക്കുള്ള ഘനഗാംഭീര്യം ജീവിച്ചിരിക്കുന്ന മനുഷ്യന്റെ മുഖത്തും പ്രതിഫലിക്കാൻ തുടങ്ങും.

വിഗ്രഹവത്കരണം നടത്തുന്നവർക്കുണ്ടാകുന്ന അപകടം വേറൊന്നാണ്. അവർ അപൂർണവും ഭാഗികവുമായ ഒരു വീക്ഷണത്തെയാണ് മഹത്ത്വത്തിന്റെ പ്രശംസാവചനങ്ങളിൽ പൊതിഞ്ഞ് അവതരിപ്പിക്കുന്നത്. മഹത്ത്വം ആരോപിക്കപ്പെട്ട ആളിന് എന്തെങ്കിലും നന്മയുണ്ടെങ്കിൽ അതിനെ പർവതീകരിച്ചു കാണിക്കുന്നതിന്റെ ഭാഗമായി അയാളിലെ ബലഹീനതകളും നന്മകളായി അംഗീകരിക്കപ്പെടുന്നു. വിമർശനാത്മകമായ ബഹുമാനവും സ്നേഹവും അന്ധമായ ആരാധനയും തമ്മിലുള്ള വ്യത്യാസമാണിത്.

മനുഷ്യവിഗ്രഹങ്ങളെ നിർമ്മിക്കുന്നത് വായനക്കാരെക്കാളേറെ അല്ലെങ്കിൽ കാണികളെക്കാളേറെ, മാധ്യമങ്ങളാണ്. എ.കെ. ആന്റണി